# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 02 | 2021 |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### കുന്നാര് ഡാമിന്റെ കാവലാളുകള് ഇവര്

ശബരിമലയില് ശുദ്ധജലമെത്തുന്ന പ്രധാന സ്രോതസുകളില് ഒന്നാണ് കുന്നാര് ഡാം. മണ്ഡല-മകരവിളക്ക് കാലത്ത് സദാ പോലീസിന്റെ സുരക്ഷാ വലയത്തിലാണ് പെരിയാര് വന്യജീവി സങ്കേതത്തില് സ്ഥിതി ചെയ്യുന്ന കുന്നാര് ഡാം. ശബരിമലയിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനായിട്ടാണ് കുന്നാര് ഡാം നിര്മിച്ചത്. അതിനാല് തന്നെ പോലീസിന്റെ അതീവ സുരക്ഷാ വലയത്തിലാണ് ഡാം.10 പോലീസ് ഉദ്യോഗസ്ഥരും ഓഫീസറുമടങ്ങുന്ന 11 അംഗ സംഘത്തിനാണ് ഡാമിന്റെ സംരക്ഷണച്ചുമതല.15 ദിവസമാണ് ഒരു ബാച്ചിന്റെ ഡ്യൂട്ടി. ഇവരെ കൂടാതെ വനം വകുപ്പ് ഉദ്യോഗസ്ഥര്, ഡ്യൂട്ടിയില് ഉള്ളവര്ക്ക് ഭക്ഷണം പാകം ചെയ്യുന്നതിനുള്ള ആളുകള് എന്നിവരും സംഘത്തിലുണ്ട്. കുന്നാര് ഡാമിനോട് ചേര്ന്ന് നിര്മിച്ചിട്ടുള്ള താല്ക്കാലിക ഷെഡിലാണ് ഇവര്ക്ക് താമസം ഒരുക്കിയിട്ടുള്ളത്.

കുന്നാര് ഡാം കൂടാതെ ഒരു ചെക്ക്ഡാം കൂടി ഇവിടെയുണ്ട്. താഴേക്ക് കുത്തനെ ഉള്ള മലഞ്ചരിവായതിനാല് യന്ത്രസഹായമില്ലാതെ ജലം പൈപ്പ് വഴി നേരിട്ടെത്തും എന്നുള്ള ഒരു പ്രത്യേകത കൂടി ഉണ്ട്. കാടിനുള്ളില് ഉത്ഭവിക്കുന്ന കൊച്ചരുവികളിലെ ജലമാണ് കുന്നാറിലേയ്ക്ക് ഒഴുകി എത്തുന്നത്. വനമധ്യത്തില് സ്ഥിതി ചെയുന്ന കുന്നാര് ഡാം അതീവ സുരക്ഷാ പ്രാധാന്യത്തോടെയാണ് സംരക്ഷിച്ചു വരുന്നത്.

(പി.ആര്‍. ശബരി - (158)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 02 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

**ശബരിമലയിലെ നാളത്തെ ചടങ്ങുകള് (03.01.2021)**

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തല്
5 ന്.... നട തുറക്കല്
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
6 മണി മുതല് 7 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
7.45 ന് ...ബ്രഹ്മരക്ഷസ് പൂജ
8 ന് ....ഉദയാസ്തമന പൂജ
9 മണി മുതല് 11 മണി വരെ നെയ്യഭിഷേകം
11.45 ന് ....25 കലശാഭിഷേകംതുടർന്ന് കളഭാഭിഷേകം
12.30 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ന് ദീപാരാധന
6.45 മുതല് പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവില് നട അടയ്ക്കും.

(പി.ആര്‍. ശബരി - (159)



വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.